REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 24-12-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- രണ്ടാം ഘട്ട തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി കേരളമടക്കം മൂന്ന് സംസ്ഥാനങ്ങളിലെ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു.
- SIR കരട് പട്ടികയിലെ പരാതികളും അവകാശവാദങ്ങളും ഇന്നു മുതൽ സ്വീകരിച്ചു തുടങ്ങും.
- വ്യാജ വിത്തുകളുടെയും വളങ്ങളുടെയും വിൽപ്പന നിയന്ത്രിക്കാൻ കേന്ദ്രം കർശന നിയമങ്ങൾ കൊണ്ടുവരുമെന്ന് കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.
- അമേരിക്കൻ കമ്മ്യൂണിക്കേഷൻ ഉപഗ്രഹം ബ്ലൂ ബേർഡ് ബ്ലോക്ക് - 2, ISRO രാവിലെ വിക്ഷേപിക്കും.
- ശ്രീലങ്കക്ക് എതിരായ വനിതാ ട്വന്റി-20 ക്രിക്കറ്റിലെ രണ്ടാം മത്സരത്തിൽ ഇന്ത്യക്ക് ഏഴ് വിക്കറ്റ് വിജയം.

## വാർത്തകൾ വിശദമായി

രണ്ടാം ഘട്ട തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നലെ കേരളമടക്കം മൂന്ന് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ആൻഡമാൻ നിക്കോബാർ ദ്വീപ് എന്നിവിടങ്ങളിലാണ് കരട് പട്ടിക തയ്യാറായത്. നവംബർ നാലിന് ആരംഭിച്ച രണ്ടാം ഘട്ടത്തിൽ ഒൻപത് സംസ്ഥാനങ്ങളും, മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളുമാണ് വോട്ടർപട്ടിക പരിഷ്ക്കരിക്കുന്നത്.

✪✪✪

കേരളത്തിൽ ഇന്നലെ പ്രസിദ്ധീകരിച്ച തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ കരടു പട്ടികയിൽ പരാതികളും അവകാശവാദങ്ങളും ഇന്നു മുതൽ സ്വീകരിച്ചു തുടങ്ങും.

തിരുവനന്തപുരത്തു നിന്ന് സ്മിതി M പള്ളുരുത്തി.

......(വോയ്സ്)...........

✪✪✪

കണ്ണൂർ ജില്ലയിലെ കരട് വോട്ടർ പട്ടികയിൽ 20 ലക്ഷത്തി 14,608 വോട്ടർമാർ ഉണ്ട്. തളിപ്പറമ്പ് നിയമസഭാ മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ വോട്ടർമാർ- ഏറ്റവും കുറവ് കണ്ണൂരിലാണ്.

K.O ശശിധരന്റെ റിപ്പോർട്ട്.

....(വോയ്സ്)........

✪✪✪

വ്യാജ വിത്തിന്റെയും വളങ്ങളുടെയും കീടനാശിനികളുടെയും വിൽപ്പന നിയന്ത്രിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് കർശന നിയമങ്ങൾ കൊണ്ടുവരാൻ തയ്യറെടുക്കുകയാണെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.അടുത്ത പാർലമെന്റ് സമ്മേളനത്തിൽ ഇത് സംബന്ധിച്ച രണ്ടു നിയമങ്ങൾ അവതരിപ്പിക്കുമെന്ന് അദ്ദേഹം ജയ്പൂരിലെ നാഗൂരിൽ കർഷക സമ്മേളനത്തിൽ അറിയിച്ചു. നിയമം പ്രാബല്യത്തിൽ വരുന്നതോടെ നിലവാരമില്ലാത്ത വിത്തുകളും കീടനാശിനികളും വിൽക്കുന്നവർ കർശന നിയമ നടപടികൾ നേരിടേണ്ടി വരും.

✪✪✪

അമേരിക്കൻ കമ്മ്യൂണിക്കേഷൻ ഉപഗ്രഹം ബ്ലൂ ബേർഡ് ബ്ലോക്ക് - 2, ISRO ഇന്ന് വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽ രാവിലെ 8.54 നാണ് വിക്ഷേപണം. ISRO വിക്ഷേപിക്കുന്ന ഏറ്റവും ഭാരമേറിയ വാണിജ്യ ഉപഗ്രഹമാണിത്. LVM-3 M6 റോക്കറ്റ് ഉപയോഗിച്ച് ഉപഗ്രഹത്തെ ലിയോ ഭ്രമണപഥത്തിൽ എത്തിക്കും. മൊബൈൽ ഫോണുകളിലേക്ക് പ്രത്യേക ഹാർഡ് വെയർ

സഹായമില്ലാതെ നേരിട്ട് ബ്രോഡ്ബാന്റ് കണക്ടിവിറ്റി നൽകുന്ന ഉപഗ്രഹമാണ് ഇത്.. ആഗോള ബഹിരാകാശ വിപണിയിൽ ഇന്ത്യ വിശ്വസനീയ പങ്കാളി എന്ന നിലയിലേക്ക് മാറുന്നു എന്നതിന്റെ തെളിവുകൂടിയാണ് ബ്ലൂ ബേർഡിന്റെ വിക്ഷേപണം.

✪✪✪

വരുംതലമുറ ആകാശ് മിസൈലിന്റെ പ്രയോഗക്ഷമതാ പരിശോധന വിജയകരമായി പൂർത്തിയാക്കിയതായി രാജ്യരക്ഷാമന്ത്രാലയം അറിയിച്ചു. രാജ്യരക്ഷാ ഗവേഷണ വികസന സ്ഥാപനം- DRDO യുടെ പരീക്ഷണത്തിൽ ആകാശ് NG മിസൈൽ വിവിധ തലങ്ങളിലെ എല്ലാ ലക്ഷ്യങ്ങളും വിജയകരമായി ഭേദിച്ചു. പരിശോധന വിജയകരമായി പൂർത്തിയാക്കിയ DRDO യെയും, വ്യോമസേനയെയും, നിർമ്മാതാക്കളെയും കേന്ദ്രമന്ത്രി രാജ്നാഥ്സിംഗ് അഭിനന്ദിച്ചു.

✪✪✪

കോസ്റ്റ്ഗാർഡിന്റെ ആദ്യ മലിനീകരണ നിയന്ത്രണ കപ്പൽ 'സമുദ്രപ്രതാപ് ' ഗോവയിൽ സേനയുടെ ഭാഗമായി. തദ്ദേശീയമായി വികസിപ്പിച്ച കപ്പലിന്റെ 60 ശതമാനത്തിലേറെ ഭാഗങ്ങൾ രാജ്യത്തു തന്നെ നിർമ്മിച്ചതാണ്. സമുദ്രമേഖലയിലെ മലിനീകരണം നിയന്ത്രിക്കാനും, കപ്പലുകൾക്ക് തീപിടിക്കുന്ന സാഹചര്യമുണ്ടായാൽ അണയ്ക്കുന്നതിനും, രക്ഷാ- ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും സമുദ്രപ്രതാപിനെ ഉപയോഗിക്കാവുന്ന തരത്തിലാണ് ഗോവ ഷിപ്യാർഡിൽ നിർമ്മിച്ചത്.

✪✪✪

തങ്കയങ്കി രഥ ഘോഷയാത്ര രണ്ടാം ദിവസമായ ഇന്ന് രാവിലെ ഓമല്ലൂർ രക്തകണ്ഠസ്വാമി ക്ഷേത്രത്തിൽ നിന്ന് സന്നിധാനത്തേയ്ക്ക് യാത്ര ആരംഭിക്കും. ആറന്മുളപാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് ഇന്നലെ തുടങ്ങിയ ഘോഷയാത്ര 26ന് ഉച്ചയ്ക്ക് പമ്പയിലെത്തും.

ഇന്നലെ രാത്രി യാത്രാസംഘം ഓമല്ലൂർ ക്ഷേത്രത്തിൽ എത്തി. ഇന്ന് രാത്രി കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിൽ യാത്രാസംഘം വിശ്രമിക്കും

യാത്ര സന്നിധാനത്തെത്തുന്ന ഈ മാസം 26ന് 30,000 പേരെയും, 27ന് 35,000 പേരെയും മാത്രമേ വെർച്വൽ ക്യൂ വഴി ദർശനത്തിന് അനുവദിക്കൂ. രണ്ടുദിവസങ്ങളിലും സ്പോട്ട് ബുക്കിംഗ് 2000 ആയി നിജപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ശബരിമലയിലെ പഞ്ചലോഹ വിഗ്രഹ കടത്തിന് പിന്നിൽ ആരാണെന്ന് കണ്ടെത്തണമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു. 2019-20 കാലഘട്ടത്തിലെ വിഗ്രഹക്കടത്തിൽ CBI അന്വേഷണം അനിവാര്യമാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പ്രസ്താവനയിൽ അറിയിച്ചു. അന്താരാഷ്ട്ര ബന്ധം പുലർത്തുന്ന കള്ളക്കടത്ത് സംഘങ്ങൾ ഇതിനു പിന്നിലുണ്ടെന്നും, അതിനാൽ കേരള പൊലീസിന്റെ അന്വേഷണം കൊണ്ട് മാത്രം സത്യം പുറത്തുവരില്ലെന്നും രാജീവ് ചന്ദ്രശേഖർ അഭിപ്രായപ്പെട്ടു.

✪✪✪

പക്ഷിപ്പനി സ്ഥിരീകരിച്ച ആലപ്പുഴയിലെ പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഇന്ന് തുടങ്ങും. രോഗബാധിത മേഖലയിലെ കോഴി, താറാവ് ഉൾപ്പെടെ പക്ഷിവർഗ്ഗങ്ങളെ കൊന്നൊടുക്കുന്ന നടപടിയാണ് ആദ്യം.

ആലപ്പുഴയിൽ നിന്ന് R രവികുമാർ.

.......(വോയ്സ്)..................

✪✪✪

ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റിലെ രണ്ടാം വിജയവും ഇന്ത്യയ്ക്ക്. വിശാഖപട്ടണത്ത് ഇന്നലെ ഏഴ് വിക്കറ്റിന് ശ്രീലങ്കയെ ഇന്ത്യ തോൽപ്പിച്ചു. 129 റൺസ് എടുക്കേണ്ടിയിരുന്ന ഇന്ത്യ, 11.5 ഓവറിൽ മൂന്ന് വിക്കറ്റിന് ലക്ഷ്യം മറികടന്നു. ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക, ഒൻപത് വിക്കറ്റിന് 128 റൺസെടുത്തു. ഇതോടെ അഞ്ച് മത്സര പരമ്പരയിൽ ഇന്ത്യ രണ്ട് വിജയം സ്വന്തമാക്കി. ശേഷിക്കുന്ന മൂന്ന് മത്സരങ്ങൾ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ്. ആദ്യമത്സരം മറ്റന്നാൾ ആയിരിക്കും.

കായിക പ്രേമികൾക്ക് ആവേശമായി ലോക ജേതാക്കളായ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ഇന്ന് വൈകിട്ട് കേരളത്തിലെത്തും.

✪✪✪

ഇന്ത്യയിൽ അടുത്ത മാസം ആരംഭിക്കുന്ന ഏകദിന- ട്വന്റി 20 ക്രിക്കറ്റ് മത്സരങ്ങളിലെ ന്യൂസിലാൻഡ് ടീമിനെ പ്രഖ്യാപിച്ചു. മിച്ചൽ

സാന്റ്നെറാണ് ട്വന്റി-20 ടീം ക്യാപ്റ്റൻ. മൈക്കൽ ബ്രേസ്‌വെൽ ഏകദിന ടീമിനെ നയിക്കും.

മൂന്ന് ഏകദിനങ്ങളും അഞ്ച് ട്വന്റി 20 മത്സരങ്ങളും പരമ്പരയിലുണ്ട്.

✪✪✪

മുംബൈയിൽ ഇന്ത്യയുടെ ഗ്രാന്റ് മാസ്റ്റർമാരായ R.പ്രഗ്നാനന്ദ - അനീഷ് ഗിരി കൂട്ടുകെട്ട് ഗ്ലോബൽ ചെസ്സ് ലീഗ് സീസൺ-3 കിരീടം നേടി. നിലവിൽ ചാമ്പ്യന്മാരായ ത്രിവേണി കോണ്ടിനെന്റൽ കിങ്സിനെയാണ് അവർ തോൽപ്പിച്ചത്.

✪✪✪

വയനാട് ചുരത്തിന് ബദലായി നിർമ്മിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ പ്രാഥമിക നിർമാണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ജനുവരിയിൽ പാറ തുരക്കുന്ന ജോലി ആരംഭിക്കും. തൊഴിലാളികൾക്ക് താമസിക്കാൻ ഷെൽട്ടറുകളുടെ നിർമ്മാണം ഒരാഴ്ചക്കകം പൂർത്തിയാകും. താൽക്കാലിക പാലത്തിന്റെ നിർമാണവും വൈകാതെ പൂർത്തിയാകും.

ഇന്നലെ കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് തുരങ്കപാത ആരംഭിക്കുന്ന ആനക്കാംപൊയിൽ മറിപ്പുഴ സന്ദർശിച്ചു. കൊങ്കൺ റെയിൽവേ ഉദ്യോഗസ്ഥർ, കരാർ കമ്പനി ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി കലക്ടർ ആശയവിനിമയം നടത്തി. നാല് വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

✪✪✪

തിരുവില്വാമല, പാമ്പാടി ഐവർമഠം പൈതൃക സംസ്കാര സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ നാളെ കളിയാട്ടം സംഘടിപ്പിക്കും. ഐവർമഠം മഹാശ്മശാനത്തിൽ വൈകിട്ട് മുതൽ അർദ്ധരാത്രി വരെ നീളുന്ന കളിയാട്ടത്തിൽ ചുടലഭദ്രകാളി തെയ്യം, പൊട്ടൻ തെയ്യം എന്നിവ അവതരിപ്പിക്കും. കണ്ണൂർ കേരള ഫോക്‌ലോർ അക്കാദമിയുടെ സഹകരണത്തോടെയാണ് കളിയാട്ടം സംഘടിപ്പിക്കുന്നത്.

✪✪✪

ഇന്നലെ രാത്രി കാസർകോട് നിന്ന് വരികയായിരുന്ന വന്ദേഭാരത് എക്സ്പ്രസ് വർക്കലയ്ക്കു സമീപം പാളത്തിലേക്ക് മറിഞ്ഞ ഓട്ടോറിക്ഷയിൽ ഇടിച്ചു. അകത്തുമുറി റെയിൽവെ സ്റ്റേഷനിൽ

നിയന്ത്രണം വിട്ട ഓട്ടോറിക്ഷ ട്രാക്കിലേക്ക് വീഴുകയായിരുന്നു. ഓട്ടോ ഡ്രൈവർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.

✪✪✪

കൊണ്ടോട്ടി മാപ്പിളകലാ അക്കാദമിയിൽ മഹാകവി മോയിൻ കുട്ടി വൈദ്യർ മഹോത്സവത്തിന് തുടക്കമായി. മഹോത്സവം വൈകിട്ട് ET മുഹമ്മദ് ബഷീർ MP ഔപചാരികമായി ഉദ്ഘാടനം ചെയ്യും. ഇന്ന് അധ്യാപകരുടെയും, പഠിതാക്കളുടെയും സംഗമം, കാവ്യാലാപന മത്സരം, ഹിസ്റ്റോറിക്കൽ ടോക് ഷോ, സെമിനാർ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

സമസ്ത കേരള ജംഇയ്യത്തുൽ ഉലമ അധ്യക്ഷൻ മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ നയിക്കുന്ന ശതാബ്ദി സന്ദേശ യാത്ര ഇന്നും മലപ്പുറം ജില്ലയിൽ തുടരും. ഇന്നലെ തിരൂരിൽ യാത്രയ്ക്ക് സ്വീകരണം ഒരുക്കിയിരുന്നു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : സയ്യിദ് അലി ശിഹാബ്*
*DEO: ഷീബ*